ഉത്തരം

(എ) ഉണ്ട്.

(ബി) ശുദ്ധജല പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. നഗരങ്ങളിലെ അധികരിച്ച ആവശ്യകത കണക്കിലെടുത്ത് പദ്ധതി തയ്യാറാക്കുമ്പോൾ ആളുകളുടെ പ്രതിദിന ഉപഭോഗം ഗ്രാമപ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതലായാണ് കണക്കാക്കുന്നത്. അല്ലാതെ നഗരങ്ങളിൽ കുടിവെള്ളത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നില്ല.

(സി) ഇരട്ടയാർ, സേനാപതി എന്നീ പഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റി ശുദ്ധജലവിതരണം നടത്തുന്നില്ല.

(ഡി) ഇരട്ടയാർ പഞ്ചായത്തിലെ ശുദ്ധജലവിതരണത്തിനായി 731 ലക്ഷം രൂപാ മതിപ്പു ചെലവ് വരുന്ന ഇരട്ടയാർ ഗ്രാമീണ ശുദ്ധജലപദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാരംഭനടപടികൾ തുടങ്ങിക്കഴിഞ്ഞു. സേനാപതി പഞ്ചായത്തിന് വേണ്ടിയുള്ള പദ്ധതിയുടെ ഭരണാനുമതി നടപടി സ്വീകരിച്ചു വരുന്നു.

ചൊവ്വര ശുദ്ധജല വിതരണ പദ്ധതി

34 (864) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ചൊവ്വര ശുദ്ധജലവിതരണ പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) കേരളാ വാട്ടർ അതോറിറ്റിയും കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനും തമ്മിൽ റേറ്റിന്റെ കാര്യത്തിലുള്ള തർക്കം പരിഹരിക്കുവാൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ; പ്രസ്തുത കമ്മിറ്റിയിൽ ആരെല്ലാമുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കമ്മറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ റിപ്പോർട്ട് എന്നത്തേക്ക് നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത് ;

(ഡി) റിപ്പോർട്ട് ലഭിച്ചുവെങ്കിൽ അതിൻമേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു ;

(ഇ) പദ്ധതി നിർവ്വാഹണം എപ്പോൾ തുടങ്ങുവാനാകും എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉപേക്ഷിച്ചിട്ടില്ല. ചൊവ്വര ശുദ്ധജലവിതരണ പദ്ധതി നടത്തിപ്പിന് കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഇ.പി.സി.എം പ്രകാരം 55.27 കോടി രൂപയ്ക്കുള്ള ഒരു ഓഫർ നൽകിയിരുന്നു. പ്രസ്തുത ഓഫർ കേരളാ വാട്ടർ അതോറിറ്റി ഒരു ഉന്നതാധികാര സമിതിയെ കൊണ്ട് പരിശോധിപ്പിച്ചു. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കേരളാ വാട്ടർ അതോറിറ്റിയിൽ നടന്നുകൊണ്ടിരിക്കുന്ന പണികളുമായി താരതമ്യം ചെയ്തപ്പോൾ കേരളാ കൺസ്ട്രക്ഷൻ കോർപ്പറേഷൻ തന്നിരുന്ന റേറ്റ് വളരെ കൂടുതലായിരുന്നു. അതുകൊണ്ട് അവരുടെ ഓഫർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ജലസേചന വകുപ്പ്, ധനകാര്യ വകുപ്പ്, കേരളാവാട്ടർ അതോറിറ്റി എന്നിവയിലെ പ്രതിനിധികൾ അടങ്ങുന്ന ഒരു കമ്മിറ്റി ഗവൺമെന്റ് തലത്തിൽ രൂപീകരിക്കുകയുണ്ടായി. ഈ കമ്മിറ്റി ഓഫർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും, അതിനുശേഷം പ്രസ്തുത പ്രവർത്തി ഇ. പി.സി.എം (എഞ്ചിനീയറിംഗ് പ്രൊക്യൂയർമെന്റ്, കൺസ്ട്രക്ഷൻ ആന്റ് മെയിന്റനൻസ്) വ്യവസ്ഥയിൽ അടിയന്തിരമായി ദർഘാസ് വിളിക്കാൻ സർക്കാർ നിർദ്ദേശം നൽകുകയും, തുടർ നടപടികൾ കേരളാ വാട്ടർ അതോറിറ്റി എടുത്തു കൊണ്ടിരിക്കുകയുമാണ്.

(ബി) ഉണ്ട്. 15-12-1999-ൽ. കേരളാ വാട്ടർ അതോറിറ്റി ഉത്തരമേഖലാ ചീഫ് എൻജിനീയർ, ചീഫ് എൻജിനീയർ (ഇറിഗേഷൻ അഡിഷണൽ സെക്രട്ടറി (ധനകാര്യ വകുപ്പ്) എന്നിവർ കമ്മിറ്റിയിലെ അംഗങ്ങളാണ്.

(സി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ഡി) ഇ.പി.സി.എം (എൻജിനീയറിംഗ് പ്രൊക്യൂയർമെന്റ്, കൺസ്ട്രക്ഷൻ ആന്റ് മെയിന്റനൻസ്) വ്യവസ്ഥയിൽ അടിയന്തിരമായി ടെണ്ടർ വിളിക്കുവാൻ വേണ്ട നിർദ്ദേശം കേരളാ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

കായംകുളം മണ്ഡലത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ നടപടി

35 (865) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ പല ഭാഗങ്ങളിലും നിലനിൽക്കുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ ;

(ബി) ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി താലൂക്കുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വേൾഡ് ബാങ്ക് സഹായമുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കായംകുളം മണ്ഡലത്തിൽപ്പെട്ട കണ്ടല്ലൂർ പഞ്ചായത്തിലെ കൊഴിക്കായൽവാരം എന്ന സ്ഥലത്ത് പുതിയതായി ഒരു കുഴൽകിണറും കായംകുളം മുനിസിപ്പാലിറ്റിയിൽ കൊറ്റുകുളങ്ങരയിൽ ഒരു കുഴൽകിണറും സ്ഥാപിച്ചു ജലവിതരണത്തിനുള്ള പണികൾ ആരംഭിച്ചിട്ടുണ്ട്. ഇത് ഉടൻ തന്നെ പ്രവർത്തനം ആരംഭിയ്ക്കും. കായംകുളം മുനിസിപ്പാലിറ്റിയിൽ കല്ലുമൂട് പമ്പ്ഹൗസിനോട് അടുത്ത് ഒരു കുഴൽ കിണറിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly